തിരുവനന്തപുരം സിറ്റി പോലീസ്

പത്രക്കുറിപ്പ്

കോവിഡ്-19

# രണ്ടു കിലോ ഗഞ്ചാവുമായി രണ്ടുപേർ പിടിയിൽ

## വിലക്ക് ലംഘനം: 221 പേർക്കെതിരെ നിയമ നടപടി 39,600/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- നേമം പോലീസ് സ്റ്റേഷൻ പരിധിയിലെ വെള്ളായണി ഭാഗത്ത് നിന്നും രണ്ടു കിലോഗ്രാം ഗഞ്ചാവും ആഡംബര കാറുമായി രണ്ടു പ്രതികൾ പിടിയിലായതായി ഐ.ജി.പിയും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. കൊല്ലം കാഞ്ഞാവളി കാഞ്ഞിരംകുഴി, ഓലിക്കര കായൽവാരം വീട്ടിൽ അൻസാർ (23) കൊല്ലം പെരുനാട് ഇഞ്ചിവിള പാലവിള പടിഞ്ഞാറ്റതിൽ വീട്ടിൽ രാജേഷ് (29) എന്നിവരെയാണ് നേമം എസ് എച്ച് ഓ യുടെ നേതൃത്വത്തിൽ തിരുവനന്തപുരം സിറ്റി ഡാൻസാഫ് (ഡിസ്ട്രിക്ട് ആന്റി നാർക്കോട്ടിക് സ്പെഷ്യൽ ഫോഴ്സ്) ടീം അംഗങ്ങൾ പിടികൂടിയത്. കൊല്ലം



നേമം പോലീസ് അറസ്റ്റ് ചെയ്ത
അൻസാർ (23) രാജേഷ് (29)

സ്വദേശികളായ പ്രതികൾ നെയ്യാറ്റിൻകര ഭാഗത്ത് നിന്നും രണ്ട കിലോ ഗഞ്ചാവ് വാങ്ങി കൊണ്ട് പോകുമ്പോഴാണ് പോലീസ് പിടിയിലായുന്നത്. ഇവർ ഇതിനെ ചെറു പൊതികളാക്കി കൂടുതൽ ലാഭത്തിനു കൊല്ലം ഭാഗങ്ങളിൽ വിറ്റഴിക്കുകയാണ് ചെയ്യുന്നത്. ആഡംബര കാറുകളാണ് പ്രതികൾ ഗഞ്ചാവ് കടത്തുന്നതിനായി ഉപയോഗിക്കുന്നത്. തിരുവനന്തപുരം സിറ്റി നാർക്കോട്ടിക് സെൽ അസി. കമ്മീഷണർക്ക് ലഭിച്ച രഹസ്യ വിവരത്തെ തുടർന്ന് നേമം എസ് എച്ച് ഓ അനൂപ് കൃഷ്ണ, എസ് ഐ മാരായ ദീപു, ജയകുമാർ, എ എസ് ഐ അനിൽകുമാർ ഡാൻസാഫ് ടീം അംഗങ്ങളായ സജി, വിനോദ്, രഞ്ജിത്ത്, ലജൻ എന്നിവർ നടത്തിയ അന്വേഷണത്തിലാണ് രണ്ട കിലോ ഗഞ്ചാവുമായി പ്രതികൾ പിടിയിലായത്.

## കോവിഡ്–19 സുരക്ഷ– കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ ഇന്നലെ (12–10–2020) പോലീസ് നടത്തിയ പരിശോധനയിൽ 221 പേർക്കെതിരെ നിയമ നടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 15 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്–2020 പ്രകാരം കേസെടുത്തു. മാസ്ക് ധരിക്കാത്തതിന് 179 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 19 പേരിൽ നിന്നുമായി 39,600/– രൂപ പിഴ ഈടാക്കി. സുരക്ഷാ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ യാത്ര നടത്തിയ 6 വാഹനങ്ങൾക്കെതിരെയും കോവിഡ് സുരക്ഷാ മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ച 2 കടകൾക്കെതിരെയും ഇന്നലെ നിയമ നടപടി സ്വീകരിച്ചു.

കോവിഡ് സമ്പർക്ക വ്യാപനം ദിനംപ്രതി വർദ്ധിച്ച വരുന്ന സാഹചര്യത്തിൽ തലസ്ഥാനത്തെ

കണ്ടയിൻമെന്റ് സോണുകളിൽ അതിർത്തികൾ അടച്ചുകൊണ്ടുള്ള പോലീസ് നിരീക്ഷണവും പരിശോധനയും രാത്രിയും പകലും ശക്തമായി തുടരും. സുരക്ഷാ ക്രമീകരണങ്ങളുടെ ഭാഗമായി പോലീസ് ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണങ്ങളോട് പൊതുജനങ്ങൾ പൂർണ്ണമായും സഹകരിക്കണം. രോഗവ്യാപനം തടയുന്നതിനായി ജാഗ്രതാ നിർദേശങ്ങൾ എല്ലാപേരും പാലിക്കണമെന്നും, വിലക്ക് ലംഘനം നടത്തുന്നവർക്കെതിരെ വിട്ടുവീഴ്ചയില്ലാതെ നിയമ നടപടികൾ സ്വീകരിക്കുമെന്നും സിറ്റി പോലീസ് കമ്മീഷണർ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു.

തിരുവനന്തപുരം സിറ്റി

12-10-2020

ഐ ജി പി & കമ്മീഷണർക്ക് വേണ്ടി

12/10/2020.

പബ്ലിക് റിലേഷൻസ് ഓഫീസർ

തിരുവനന്തപുരം സിറ്റി